# കേരള സർക്കാർ
## സംഗ്രഹം

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - ട്രെയിനിംഗ് കാലയളവിൽ മുഴുവൻ ശമ്പളവും ആനുകൂല്യങ്ങളും നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ.ജിതിൻ.പി.വി - സിവിൽ എക്സൈസ് ഓഫീസർ മുതൽപ്പേർ സമർപ്പിച്ച ഹർജി - ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**നികുതി (എഫ്) വകുപ്പ്**

**സ.ഉ (സാധാ) നം.206/2019/നി.വ                തീയതി, തിരുവനന്തപുരം,23.03.2019**

---

പരാമർശം: - 1. ജി.ഒ(പി) നമ്പർ. 178/18/നി.വ തീയതി 03.10.2015.
2. ജി.ഒ(പി) നമ്പർ. 96/17/നി.വ തീയതി 03.08.2017.
3. ശ്രീ.ജിതിൻ.പി.വി മുതൽപ്പേർ 14.09.2018 തീയതിയിൽ സമർപ്പിച്ച അപേക്ഷകൾ
4. OA (EKM) 1308/18 നമ്പർ കേസ്സിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 04.09.18-ലെ ഉത്തരവ്
5. 09.11.18 തീയതിയിലെ എക്സൈസ് കമ്മീഷണറുടെ XE8 - 77089/18 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം 01.01.15 ന് ശേഷം എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ ട്രെയിനിയായി ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികൾ 180 ദിവസത്തെ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയാൽ മാത്രമേ substantive പോസ്റ്റിൽ നിയമനം നൽകാവൂ എന്നും ഈ കാലയളവിൽ സ്റ്റൈപൻഡിനു മാത്രമേ അർഹതയുള്ളൂവെന്നും നിഷ്കർഷിച്ചിട്ടുണ്ട്. തുടർന്ന് ഈ ഭേദഗതി 05.10.2015 ന് ശേഷം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ പ്രകാരമുള്ള നിയമനങ്ങൾക്കുമാത്രമേ ബാധകമാവുകയുള്ളൂവെന്ന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2.ശ്രീ.ജിതിൻ.പി.വി മുതൽ പേർ 31.12.13-ലെ 534/2013 കാറ്റഗറി നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തിയ സിവിൽ എക്സൈസ് ഓഫീസർ പരീക്ഷ എഴുതി ലിസ്റ്റിലുൾപ്പെട്ട് 05.10.15-ന് ശേഷം ജോലിയിൽ പ്രവേശിച്ച ഉദ്യോഗാർത്ഥികളാണ്. പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇവർ ട്രെയിനിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിനാൽ പരാമർശം (2) പ്രകാരം ട്രെയിനിംഗ് കാലയളവിൽ മുഴുവൻ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുവാൻ അർഹതയുണ്ടെന്നും ആയതിനാൽ ടി ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് 'ഥാൻമാർ എക്സൈസ് കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. 03.10.15 ലെ ഭേദഗതിക്കു മുമ്പ് നിലവിൽ വന്ന കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ലിസ്റ്റിന് സംരക്ഷണം നൽകുന്നതിനു വേണ്ടി മാത്രമാണ് പരാമർശം (2) പ്രകാരമുള്ള ഭേദഗതി കൊണ്ടു വന്നിട്ടുള്ളത്. പരാമർശം (1) ഭേദഗതി പ്രകാരമുള്ള യോഗ്യതയും മറ്റ് റിക്രൂട്ട്മെന്റ് വ്യവസ്ഥകളും 05.10.15 ന് ശേഷമുള്ള കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനങ്ങൾക്ക് മാത്രമേ ബാധകമാവുകയുള്ളൂ. ആയതിനാൽ 31.12.13 ലെ നോട്ടിഫിക്കേഷൻ പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കപ്പെട്ട ട്രെയിനികൾക്ക് പരിശീലന കാലയളവിൽ 01.01.15 നു മുമ്പ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് ലഭിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും Special Rule ഭേദഗതിയുടെ പരിധിയിൽപ്പെടുത്തി അനുവദിക്കാനാവില്ല

എന്നതിനാൽ ടിയാൻമാരുടെ അപേക്ഷ എക്സൈസ് കമ്മീഷണർ നിരസിച്ചിരുന്നു. ഇതിനെ തുടർന്ന് ടി ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ടിയാൻമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) 1308/18 ആയി ഫയൽ ചെയ്ത കേസ്സിൽ ഒന്നാം എതിർ കക്ഷിയായ നികുതി വകുപ്പ് സെക്രട്ടറി അപേക്ഷകരുടെ Annexure A7-18 വരെയുള്ള അപേക്ഷകൾ പരിശോധിച്ച് നിയമാനുസരണമുള്ള ഉത്തരവ് 3 മാസത്തിനകം പുറപ്പെടുവിക്കുവാൻ ഉത്തരവാകുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2)-ലെ ഉത്തരവു പ്രകാരം 05.10.15 ന് ശേഷം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിക്കുന്ന നോട്ടിഫിക്കേഷൻ പ്രകാരമുള്ള നിയമനങ്ങൾക്ക് മാത്രമേ പരാമർശം (1)-ലെ Special Rule ഭേദഗതി പ്രകാരമുള്ള യോഗ്യതകളും റിക്രൂട്ട്മെന്റ് വ്യവസ്ഥകളും ബാധകമാവുകയുള്ളൂ. ആയതിനാൽ 31.12.13 ലെ നോട്ടിഫിക്കേഷൻ പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കപ്പെട്ട ട്രെയിനികൾക്ക് പരിശീലന കാലയളവിൽ 01.10.15 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് ലഭിച്ച ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കണമെന്നുള്ള പരാമർശം (3)-ലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)**
**മോഹനരാജ്.എം**
**ജോയിന്റ് സെക്രട്ടറി**

1).എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2).അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖ കത്ത് സഹിതം)
3).എല്ലാ അപേക്ഷകർക്കും (എക്സൈസ് കമ്മീഷണർ മുഖേന)
4).അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം(എ&ഇ/ആഡിറ്റ്-ഇ.ആർ.എസ്.എ)
5).വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6).കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**